# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T 415 04.02.2014-ൽ മറുപടിയ്ക്ക്

സ്കൂൾ കായിക മൽസരത്തിൽ പങ്കെടുത്ത കുട്ടികൾക്ക് റാഞ്ചിയിലേയ്ക്കുള്ള യാത്രാ സൗകര്യം ഏർപ്പെടുത്തിയതിൽ വന്ന വീഴ്ച

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) 2014 അഖിലേന്ത്യാ സ്കൂൾ കായിക മൽസരത്തിൽ പങ്കെടുത്ത കുട്ടികൾക്ക് റാഞ്ചിയിലേയ്ക്കുള്ള യാത്രയ്ക്ക് മതിയായ റിസർവേഷൻ ലഭിക്കാതിരുന്നതും അതു കാരണം കുട്ടികൾ ബുദ്ധിമുട്ടിയതുമായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിൻമേലുള്ള അന്വേഷണം നടത്തിയോ ; എന്തുകൊണ്ട് ഇപ്രകാരം സംഭവിച്ചുവെന്ന് വിശദമാക്കാമോ ; | (ബി) 2014 ജനുവരി 8 മുതൽ 12 വരെ റാഞ്ചിയിൽ നടന്ന ദേശീയ സ്കൂൾ കായിക മേളയിൽ പങ്കെടുക്കുവാനുള്ള കേരളാ ടീമിന് വേണ്ട റയിൽവേ ടിക്കറ്റ് റിസർവേഷൻ 2013 നവംബർ 15-ാം |

(............2)

തീയതി ചെയ്തിരുന്നതാണ്. യാത്രയ്ക്ക് 51 ദിവസം മുൻപു തന്നെ ടിക്കറ്റ് റിസർവ് ചെയ്തതിനാൽ മുഴുവൻ ടീമിനും യാത്രചെയ്യുന്നതിനായി സീറ്റും ബർത്തും ലഭ്യമാകുമെന്ന് പ്രതീക്ഷിച്ചു. എന്നാൽ റാഞ്ചിയിലേക്ക് മറ്റ് ട്രെയിനുകൾ ഇല്ലാതിരുന്നതിനാലാണ് മുഴുവൻ ടീമംഗങ്ങൾക്കും ബർത്ത് ലഭ്യമാകാതിരുന്നത്.

**(സി) കുട്ടികൾക്ക് റിസർവേഷൻ യഥാസമയം ലഭ്യമാക്കാതിരുന്നവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;**

(സി) കേരള ടീം അംഗങ്ങൾക്ക് സൗകര്യപ്രദമായി യാത്ര ചെയ്യുന്നതിനു വേണ്ടിയാണ് യാത്രയ്ക്ക് 51 ദിവസം മുൻപുതന്നെ വിദ്യാഭ്യാസ വകുപ്പ് ട്രെയിൻ ടിക്കറ്റ് റിസർവ് ചെയ്തത്. എന്നാൽ യാത്ര സമയം വരെയും ബർത്ത് അടക്കമുള്ള ട്രെയിൻ ടിക്കറ്റ് റയിൽവേയിൽ നിന്നും ലഭ്യമായില്ല. അതിനെ തുടർന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെയും കേന്ദ്ര മന്ത്രിമാരായ ശ്രീ.ഇ.അഹമ്മദ്, ശ്രീ.ശശിതരൂർ എന്നിവരുടെ ഓഫീസുകളിൽ നിന്നും റെയിൽവേ അധികൃതരുമായി ബന്ധപ്പെടുകയും, കേരളാ ടീമംഗങ്ങൾക്ക് ബർത്ത് അടക്കമുള്ള ടിക്കറ്റുകൾ അനുവദിക്കു-ന്നതിനും വേണമെങ്കിൽ അധിക ബോഗി അനുവദിക്കുന്നതിനും വേണ്ട ശുപാർശകൾ നൽകിയിട്ടുള്ളതാണ്. ഈ തലങ്ങളിലെല്ലാം റെയിൽവേയുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും യാത്രയ്ക്ക് തൊട്ടുമുൻപുള്ള ദിവസം വരെയും ഈ

(...................3)

| | |
|---|---|
| | വിഷയത്തിൽ അനുകൂലമായ നിലപാടുകൾ റെയിൽവേയുടെ ഭാഗത്തുനിന്നും ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പാലക്കാട് എം.പി. എന്നിവർ നേരിട്ട് ഈ വിഷയത്തിൽ ഇടപ്പെടുകയും ചെയ്തിരു- ന്നു. തുടർന്ന് കേരളാ ടീമിന്റെ യാത്രയ്ക്കുവേണ്ടി ഷൊർണ്ണൂർ നിന്നും ഒരു അധിക ബോഗി കൂടി അനുവദിച്ചിരുന്നു. |
| (ഡി) ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ ? | (ഡി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ